**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1042** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) | പട്ടികവർഗ്ഗ കോളനികകൾക്കുവേണ്ടി നീതി ആയോഗ്, വാട്ടർ അതോറിറ്റി നിർവഹണ ഏജൻസി ആയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പദ്ധതി, ഇന്റഗ്രേറ്റഡ്ട്രൈബൽ ഡെവലപ്മെന്റ് പ്രോജക്ട് (ITDP), അഡിഷണൽ ട്രൈബൽ സബ് പ്ലാൻ (ATSP), ട്രൈബൽ സബ് പ്ലാൻ (TSP), ജനപ്രതിനിധികളുടെ വികസന പദ്ധതി, പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് എന്നിവ വഴി വിവിധ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചില പദ്ധതികൾ പുരോഗമിച്ചു വരുന്നു. 2024 ഓടുകൂടി എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ പദ്ധതി. പ്രസ്തുത പദ്ധതിയിൽപെടുത്തി ഗ്രാമീണ മേഖലയിലെ എല്ലാ പട്ടിക വർഗ്ഗ കോളനികളിലും കുടിവെള്ള കണക്ഷനുകൾ 2024 ഓടു കൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതോടെ ഗ്രാമീണ മേഖലയിലെ എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ